# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 470 | 11.06.2013-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങളിലൂടെയുള്ള കാർഷിക വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പകൾ നൽകുന്നത് വിലക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ നടപടി കേരളത്തിൽ ബാധകമാക്കിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് വിലക്കിക്കൊണ്ട് യാതൊരു ഉത്തരവും കേന്ദ്ര സർക്കാരിൽ നിന്നും വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ കർഷകർക്ക് എന്തെല്ലാം സാമ്പത്തിക സഹായമാണ് നൽകിവരുന്നത് ; | (ബി) പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ നൽകുന്നതിന് നബാർഡിൽ നിന്നും പുനർവായ്പ ലഭ്യമാക്കുന്നുണ്ട്. വായ്പാ മേഖലയിലെ അപ്പക്സ് ബാങ്ക് ആയ കേരള സംസ്ഥാന സഹകരണ ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്റ്റിലെ ലൈസൻസിംഗ് മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ കുറഞ്ഞ പലിശ നിരക്കിലുള്ള പുനർവായ്പ നബാർഡിൽ നിന്നും ലഭ്യമാക്കുന്നതിന് മുൻകാലങ്ങളിൽ തടസ്സം നേരിട്ടുവെങ്കിലും സർക്കാർ ഗ്യാരന്റിയോടെ 2011-12 വർഷം കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ |

കാർഷിക വായ്പ വിതരണം ചെയ്യുന്നതിനായി 446.56 കോടി രൂപാ നബാർഡിൽ നിന്നും ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2012-13 വർഷം 928 കോടി രൂപായും പുനർവായ്പയായി നബാർഡിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെ വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ 40% തുകയാണ് നബാർഡിൽ നിന്നും പുനർവായ്പയായി ലഭിക്കുന്നത്. ബാക്കി 60% തുക സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കും അവരുടെ വിഹിതം കൂടി ചേർത്താണ് കാർഷിക വായ്പയായി വിതരണം ചെയ്യുന്നത്. ഹ്രസ്വകാല വായ്പകൾ കടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണമായും പലിശ രഹിത വായ്പയായി നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീര കർഷകർക്ക് അവരുടെ വിവിധ ആവശ്യങ്ങൾക്ക് കൂടുതൽ വായ്പകൾ നൽകുന്നതിനുള്ള വായ്പാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) 2012-13 വർഷത്തിലെ കണക്കനുസരിച്ച് സഹകരണ സംഘങ്ങളുടെ നിക്ഷേപം എത്ര കോടി രൂപയാണ്; | (സി) 15.01.2013 ലെ കണക്കു പ്രകാരം സഹകരണ സംഘങ്ങളിലെ ആകെ നിക്ഷേപം 95532.29 കോടി രൂപയാണ്. |

| | |
|---|---|
| (ഡി) നിക്ഷേപത്തിന്റെ 20% സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പ നൽകണമെന്ന നിയമം പൂർണ്ണമായും പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) സഹകരണസംഘങ്ങളിലെ ആകെ നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം കാർഷിക വായ്പ നൽകണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ വിതരണം ചെയ്യുന്ന ആകെ വായ്പയുടെ 40% എങ്കിലും കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ കർഷകന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ സഹകരണ സംഘങ്ങൾക്ക് കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ